കാസർഗോഡ് ജില്ലയിൽ ചെമ്മനാട് പഞ്ചായത്തിലെ പെരുമ്പളയിൽ കുടുംബക്ഷേമ കേന്ദ്രം

132 [3831] *ശ്രീ. കെ. വി. കുഞ്ഞിരാമൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചെമ്മനാട് പഞ്ചായത്തിലെ പെരുമ്പളയിൽ കുടുംബ ക്ഷേമ കേന്ദ്രം അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) പത്താം പദ്ധതിക്കാലത്ത് സംസ്ഥാനത്തിന് പുതിയതായി ആരോഗ്യ കേന്ദ്രങ്ങളൊന്നും അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഡി. ഫാം കോഴ്സുകൾക്കുള്ള ഫീസ് ഘടന പഠിക്കുന്നതിന് കമ്മീഷൻ

133 [3833] *ശ്രീ. മത്തായി ചാക്കോ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മാനേജ്മെന്റിന്റെ കീഴിൽ നടത്തുന്ന ഡി. ഫാം കോഴ്സുകൾക്കുള്ള ഫീസ് ഘടന പഠിക്കുന്നതിന് നിയോഗിച്ച കമ്മീഷൻ എന്നാണ് നിലവിൽ വന്നത് ;

(ബി) കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) കമ്മീഷന്റെ ഘടന എപ്രകാരമാണ്;

(ഡി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഏതെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഇ) കമ്മീഷന്റെ കാലാവധി എത്ര കാലമാണ്?

ഉത്തരം

(എ) 10-1-2005-ലെ സ.ഉ. (സാധാ) നം. 93/05/ആകുവ പ്രകാരമാണ് കമ്മിറ്റി നിലവിൽ വന്നത്.

(ബി) ഉണ്ട്. കമ്മിറ്റിയുടെ ആദ്യ മീറ്റിംഗ് 28-3-2005-ൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്.

(സി) ആരോഗ്യവകുപ്പ് അഡീഷണൽ സെക്രട്ടറി (പ്രോജക്ട്സ്) ചെയർമാനും ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, തിരുവനന്തപുരം കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽസ് സയൻസ് വകുപ്പ് തലവൻ എന്നിവർ അംഗങ്ങളായും ആണ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഡി. ഫാം കോഴ്സിന് സ്വകാര്യ ഫാർമസി കോളേജുകൾ ഏർപ്പെടുത്തിയിട്ടുള്ള ഫീസിന്റെ ന്യായാന്യായങ്ങളാണ് പഠ്യവിഷയം.

(ഇ) രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെ പ്രവർത്തനം

134 [3834] *ശ്രീ. കെ. മോഹൻകുമാർ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമേഹരോഗ നിയന്ത്രണത്തിനും ഗവേഷണത്തിനും വേണ്ടി ആരംഭിക്കാമെന്നറിയിച്ചിരുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെ പ്രവർത്തനം ഇപ്പോൾ ഏതവസ്ഥയിലാണെന്ന് അറിയിക്കാമോ;

(ബി) ഈ സ്ഥാപനത്തിന്റെ വികസനത്തിനും ഗവേഷണത്തിനുമായി ഏതെങ്കിലും വിദേശ സ്ഥാപനം സാമ്പത്തിക സഹകരണം നൽകാമെന്ന് സമ്മതിച്ചിരുന്നുവോ;

(സി) ഉണ്ടെങ്കിൽ എത്ര തുക ഇതേവരെ ലഭിച്ചു;

(ഡി) ധാരണയനുസരിച്ച് ഇനി എത്ര തുക കൂടി ലഭ്യമാകാനുണ്ട്;

(ഇ) ഈ സ്ഥാപനത്തിന് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഇതേ വരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ജി) ഇനി എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ;

(എച്ച്) ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിനായി ബഹു. കേരള മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ഉന്നതതല സമ്മേളനം വിളിച്ചുകൂട്ടുമോ?

ഉത്തരം

(എ) പ്രമേഹരോഗം തടയുന്നതിനുള്ള ബോധവൽക്കരണം നടത്തുക, ചികിൽസിച്ച് ഭേദപ്പെടുത്തുക, ഈ രോഗവുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ നടത്തുക, രോഗ പ്രതിരോധത്തിനും ചികിൽസയ്ക്കും വേണ്ട ആധുനിക പരിശീലനം നൽകുക എന്നീ മുഖ്യ ലക്ഷ്യങ്ങളോടുകൂടി അമേരിക്കയിലെ മയോ ക്ളിനിക്ക് എന്ന പ്രശസ്ത വൈദ്യശാസ്ത്ര സ്ഥാപനത്തിന്റെ എൻഡോക്രൈനോളജി വിഭാഗത്തിന്റെ സാങ്കേതിക സഹകരണത്തോടുകൂടിയാണ് 1999-ൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് എന്ന സ്ഥാപനത്തിന്റെ പ്രാരംഭ പ്രവർത്തനം പുലയനാർകോട്ടയിൽ ആരംഭിച്ചത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബഹുനില സമുച്ചയം പണിയുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി പുലയനാർകോട്ടയിൽ 18.33 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സിറ്റി സെന്റർ പ്രവർത്തിക്കുന്നതിനായി പബ്ളിക് ഹെൽത്ത് ലാബിനകത്ത്

LIBRARY ARCHIVES Kerala Legislative Assembly